

# സ്വാതന്ത്ര്യം @ 75

**Patriotic Thoughts**

## A Collection of Poems


**Department of Chemistry**
**Kuriakose Gregorios College, Pampady**
**chemistry@kgcollege.ac.in**

## A Message



**Dr. M.E Kuriakose**
**Secretary**
**MOC Colleges**
**Devalokam, Kottayam.**

Good morning everyone. Today we are celebrating 75th Independence Day of our Nation.

I wish you a happy Independence Day, also congratulate the Department of Chemistry of K.G College, Pampady for their togetherness and patriotism.

We make our children aware of this day. The march towards Independence started in 1857 and many freedom fighters were part of struggle. Indian Independence day makes the end of British rule in1947 and the pathway to free and Independent India. We celebrate our freedom by paying tribute to the freedom fighters who lost their lives for setting the country free. We celebrate this national day with a lot of enthusiasm and patriotism. Every Indian citizen celebrates Independence Day as a respect for the country irrespective of caste, creed and religion. This day is a plethora of emotions, pain of enslavement, strength of unity. sacrifice non-violence etc.

This day unites us all though we are in diversified cultures. Let us join our hands to make India the Best Nation in the world. There is a quote “No other sacrifice can be higher than the sacrifice for your Motherland.”

Jai Hind

# സന്ദേശം



ലോകവിപ്ലവങ്ങളിൽ തന്നെ അത്ഭുതകരമായ ഒരു സ്ഥാനമാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിനുള്ളത്. സാമൂഹികമായ സകല വേർതിരിവുകളും ഇല്ലാതാക്കി ഒരു ദേശത്തെ മുഴുവൻ ജനതയും ഒന്നിച്ചു നിന്നു പ്രവർത്തിച്ചു എന്നതാണ് ആ മഹത്വം. ഇത് ആദരിക്കുവാനും ഇത്തരം ഐക്യ ബോധം പുലർത്താനും ദേശീയതയുടെ സദ്ഭാവങ്ങൾ ഉൾക്കൊള്ളാനും യുവതലമുറക്ക് ഉത്തരവാദിത്വമുണ്ട് എന്ന ചിന്തയിൽ വേണം ഈ എഴുപത്തഞ്ചാം സ്വാതന്ത്ര്യപ്പിറന്നാൾ നാമാഘോഷിക്കാൻ. സ്വാതന്ത്രത്തിന്റെ ഏറ്റവും നല്ല നിർവചനം സമ്പൂർണ്ണ വളർച്ചക്കുള്ള അന്തരീക്ഷം എന്നതാണ്. ആസാദീ കാ അമൃതമഹോത്സവത്തിന്റെ സാഫല്യം നമ്മുടെ രാജ്യത്തിന്റെ വികസനത്തിലാണ് എന്നത് മറക്കാതിരിക്കുക.

സ്നേഹപൂർവ്വം

പ്രിൻസിപ്പൽ

ഡോ.ഷൈല എബ്രഹാം

.

# Message



**Lt Renish Joseph**
**NCC Officer**
**IQAC Coordinator**

India secured independence from the British after two hundred years of suppression and oppression under the foreign rule. It is indeed a day of celebration. But at the same time we must not forget the countless sacrifices done by the freedom fighters who dedicated their lives and resources to country's freedom struggle. It is also a day to take pride in the country's rich heritage, cultural expressions and achievements in the different domains."let me wish all the very best for this endeavor by the Chemistry Association on the occasion of the 75th anniversary of our Independence.Happy Independence Day to all.

**Jai Hind.**

**A Messsage**



I have immense pleasure to release this book of a couple of Patriotic thoughts. This is not a collection of poems but the overflowed love and affection to our nation. I have not edited or corrected any one of these beautiful poems. I really wonder the innate capacity and skill of our students. All of them completed within half an hour without any preplanning and post correction. India will be celebrating the 75th Independence Day on this August 15. This year the nation is gearing up for the grant celebrations on the theme "Nation first, Always first". We should always remember the immense courage and sacrifice of freedom fighters to gain independence. As our former President APJ Abdul Kalam says in his poem named 'Soaring Dreams'

"Ours is a land of Sages
Known for bravery for Ages.
None can with it compete,
Its culture none can beat
Whatever Caste or religion.
All live here in Unison'.

Jai Hind

**Dr. Thomas Baby**
**Assistant Professor and Head**
**Department of Chemistry**
**Kuriakose Gregorios College**
**Pampady.**

# സന്ദേശം

സ്വാതന്ത്ര്യത്തിന്റെ 75-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ സുദിന ത്തിൽ നമുക്കോരുരുത്തർക്കും സന്തോഷിക്കാം. ധീരദേശാഭിമാനി കളെ ഓർത്ത് അഭിമാനിക്കാം.

എല്ലാവർക്കും ആശംസകളോടെ



**Ms. Megha Ann Manoj**
**Association In Charge**



**Prof. Vinitha Varkey**



Nandhana C.V,
Association Secretary
D3 Chemistry


പിറന്ന മണ്ണിൻ മീതെ
ആഞ്ഞുകേട്ടീടുന്നൊരാഗർജ്ജനം
ആത്മാഭിമാനമിതെ
ദിനത്തിൻ ചൊല്ലിടുന്നൊരാനന്ദം
സ്വാതന്ത്ര്യത്തിൻ എഴുപത്തഞ്ചാം
കൊടിയുയർത്തിടുന്നു പൗരന്മാർ
കേവലമല്ല കോടികളാണീ പ്രപഞ്ചം
വാഴുന്നോരീ മാലോകർ
ഗാന്ധി നീട്ടിയീ സമ്മാനം
ഞങ്ങൾക്കിന്നു കിരീടമാകുന്നു
കടന്നുപോകുന്നോരീ ദിനം
ഗാന്ധിസ്മരണക്കുതകുന്നു. ആർത്തുചൊല്ലീടാം
സ്വാതന്ത്ര്യകാർമേഘം തെളിയട്ടെ
ആർത്തു രസിച്ചീടാം
സ്വാതന്ത്യത്തിൻമഴ പെയ്യട്ടെ
വീശും കാറ്റിനുപോലും
കേട്ടിടുന്നു ഉത്തമസംഗീതം
വഴിയോരങ്ങളിൽ കുട്ടീം കോലും
കളിയാടുന്ന ബാലനുഗീതം
ആലപിക്കാൻ കഴിയുമീ
സ്വാതന്ത്ര്യത്തിൻ സംഗീതം
കേട്ടിടുമീ ജനതയുമീ
ആനന്ദത്തിൻ സംഗീതം.



Aiswarya S
D3 Chemistry

സ്വാതന്ത്ര്യം അർധരാത്രിയിൽ..
ചോര ചീന്തിയ താളുകൾക്ക് ഇന്ന് 75-ാം ജന്മദിനം
ഗാന്ധിജിയുടെ ചടുലനയങ്ങൾക്കൊടുവിൽ
ബ്രിട്ടീഷുകാരെ ചൊൽപ്പടിക്കു നിർത്തിയ
എല്ലാ ധീര സഖാക്കൾക്കും കൂപ്പുകൈകൾ.
ജീവിതങ്ങളുടെ ഇരുളിമയിൽ നിന്ന്
അർദ്ധരാത്രിയിൽ പുതുജീവിതത്തെ ലഭിച്ചു.
മഹാത്മാക്കളേ, സ്വാതന്ത്ര്യസമര സേനാനികളെ
ഈ പുതുപിറവിയിൽ ഏവർക്കും പ്രണാമം.

75-ാം സ്വാതന്ത്ര്യദിനത്തിൽ കത്തിജ്വലിക്കുന്നു.
സേനാനികളുടെ മുഖം ഇന്നും വ്യക്തം.
ഇന്നീ ദിനത്തിൽ ഏവരും ഒരേ സ്വരത്തോടെ
ഉയർത്തുന്നു “ഭാരതം എൻ അഭിമാനം”.



Rupa K.Vinod
D3 Chemistry

ഇന്നു ഞാൻ നോക്കുന്നു അകലങ്ങളിലേക്ക്
ദൂരെ കാണുന്നു വീരർ തൻ പോരാട്ടം
നാളെകളെ പറക്കാൻ ഒരുക്കുവാൻ വേണ്ടി
ചോര നൽകിയ ധീരന്മാർ
ഇന്നറിയും സ്വാതന്ത്ര്യം നൽകിയതൊരായിരം
ധീരപടയാളികൾ - തൻ ജീവനെ മറന്നു
നാളെകൾക്കായ് അവർ പോരാടി
കണ്ണീരുവീണ നാളുകൾ ഓർക്കുമ്പോൾ
ഹൃദയം പൊള്ളുന്ന വേദനയെങ്കിലും
ധ്യാനിക്കുകിൽ ഭാരതത്തിനായി ചോര-
ത്തുള്ളികൾ വീഴ്ത്തിയ പതിനായിരങ്ങൾ
എത്രയോ നാളുകൾ കൊഴിഞ്ഞുപോയി എത്രയോ
ഇലകൾ കൊഴിഞ്ഞുപോയി എങ്കിലും-
ഇന്നും ഹൃദയത്താളുകളിൽ നിന്ന് മാഞ്ഞില്ല
ഭാരതമണ്ണിൻ സ്വാതന്ത്ര്യത്തിനായി ജീവൻ
നൽകിയ മഹാരഥന്മാർ
അകലങ്ങളിലേക്ക്, ദൂരങ്ങളിലേക്ക് നോക്കുമ്പോൾ
ഇനിയും പ്രതീക്ഷയുടെ കിരണങ്ങൾ വീഴ്ത്തി-
പൊൻസൂര്യൻ ഉദിക്കും നാളുകൾ
ഇനിയുള്ള നാളുകൾ പൂവണിഞ്ഞീടട്ടെ
എന്റെ ഭാരതമണ്ണിൽ



Alfiyamol C.F
D2 Chemistry

സ്വാതന്ത്ര്യം എന്നത് മനുഷ്യാവകാശം...
രക്തത്തിൽ അലിഞ്ഞ അവകാശം....
മനുഷ്യനും മൃഗങ്ങൾക്കും  ഒരുപോലെ ലഭിക്കേണ്ട ഒരവകാശം
എന്നെ ഞാൻ ആക്കിയ അമ്മയാം ഭാരതത്തിൽ
എൻ ആവശ്യമീ സ്വാതന്ത്ര്യം....
ബ്രിട്ടീഷ് പടയാളികൾ തൻ കാൽക്കീഴിൽ
ഭാരതീയരാം ഞങ്ങളെ തളച്ചിട്ട കാലം
ഗാന്ധി തൻ രക്തത്താൽ..
അഹിംസ തൻ മാർഗ്ഗത്തിൽ കണ്ടെത്തി
നൽകി നമ്മുടെ സ്വാതന്ത്ര്യം...
ആഗസ്റ്റ് 15 1947-ൽ ഗാന്ധി നമുക്ക്
നമ്മുടെ അവകാശമാം... സ്വാതന്ത്ര്യം നൽകി
ഇന്നിതാ നാം ഈ പുലരിയിൽ 75-ാം
വർഷം ആഘോഷിക്കുമെൻ സ്വാതന്ത്ര്യം
എന്നെ ഞാൻ ആക്കിയ ഭാരതാംബയുടെ
മണ്ണിലീ സ്വാതന്ത്ര്യം....
എത്ര ശ്രേഷ്ഠമാണമ്മേ നിൻ മടിയിൽ..
ഞാൻ ഇന്ന് അനുഭവിക്കുമീ സ്വാതന്ത്ര്യം...
സ്വതന്ത്രമാം ഞാൻ ഇതാ അമ്മേ..
നന്ദിയോടെ സ്മരിക്കുന്നു നിന്നെ...
മരണം എന്ന വാതിൽ ...
അമ്മേ നിൻ മടിയിലേക്ക് എത്തേണ്ടവരാണ് ഞങ്ങൾ...
അഹിംസ തൻ മാർഗ്ഗത്തിൽ ഗാന്ധി നൽകിയ
സ്വാതന്ത്ര്യം ആസ്വദിക്കുന്നു ഞാൻ...



Shimina Shaji
D2 Chemistry

സ്വാതന്ത്യം എൻ നാടിന്
എത്തിച്ചേർന്നിട്ടിതാ
എഴുപത്തി അഞ്ച് നാൾ
പിന്നിട്ടൂ...
പൂർവ്വികരുടെ ത്യാഗത്തിൻ
ഫലമായ സ്വാതന്ത്ര്യം
എത്തിച്ചേർന്നിട്ടിതാ
എഴുപത്തി അഞ്ച് നാൾ
പിന്നിട്ടൂ...
എത്രയെത്ര നാളുകളുടെ
ഫലമായ സ്വാതന്ത്ര്യം
എത്തിച്ചേർന്നിട്ടിതാ
എഴുപത്തി അഞ്ച് നാൾ
പിന്നിട്ടൂ...



Siyana Salim
D2 Chemistry

നാടിന് അഭിമാനമാം മഹാത്മാക്കൾ
നേടിതന്നൊരു സ്വാതന്ത്ര്യം.
ഇന്നീ ദിനം അവരാൽ
നാം സന്തോഷിക്കുന്നു.
നമ്മുടെ സന്തോഷം നമ്മുടെ സ്വാതന്ത്ര്യം
നമ്മളിൽ എത്തിച്ചേർന്ന് ഇതാ,
എഴുപത്തഞ്ച് വർഷം പിന്നിട്ടിരിക്കുന്നു...
ഈ ദിനം അവരാൽ
നാം സന്തോഷിക്കുന്നു.
നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അടയാളമായി
എല്ലാവരും ത്രിവർണ്ണ പതാക
ഉയർത്തുന്നു.
എവിടെയും സന്തോഷം,
ആഹ്ലാദം എന്നും ഈ സ്വാതന്ത്ര്യം
നമ്മിൽ നിൽക്കട്ടെ....
ജയ് ഹിന്ദ്....



Anjlu Thomas
D3 Chemistry

ഇന്ത്യ തന്റെ മക്കളെ ഉത്സാഹഭരിതരായി കണ്ടത്
ചിന്നഭിന്ന സംസ്കാരത്തിലും
ഇന്ത്യ എന്നത് എല്ലാവരുടെയും അമ്മയായി.
ഫല സമൃദ്ധിയായിരുന്ന ഇന്ത്യ എല്ലാം നഷ്ടപ്പെട്ടപ്പോഴും
തന്റെ മകൾ അവളെ സ്നേഹിച്ചു
മഞ്ഞിൽ മൂടി കിടക്കുന്ന ഹിമാലയം മുതൽ
സമുദ്രം വരെ എല്ലാവരും ഇന്ത്യക്കാർ എന്ന്
വിളിക്കപ്പെടാൻ ആഗ്രഹിച്ചു



Farhana Kabeer
D2 Chemistry

പതിറ്റാണ്ടുകളായ് ചവിട്ടിയരയ്ക്കപ്പെട്ട
എൻ മണ്ണിന് സ്വാതന്ത്ര്യം...
കളപറിയ്ക്കാൻ കത്തികൾ
ആയുധമാക്കിയ അന്നദാതാക്കൾ
പോരാളികളായ്,
വിദ്യ പകർന്ന പേനകൾ
ആയുധമാക്കിയ അധ്യാപകർ
പോരാളികളായ്
ജന്മനാടിനായ്, മാതൃഭൂമിയ്ക്കായ്,
പൊരുതിനേടിയ സ്വാതന്ത്ര്യം...
പതിറ്റാണ്ടുകളായ് തഴയപ്പെട്ട
എൻ മണ്ണിന് സ്വാതന്ത്ര്യം
ആഘോഷിപ്പൂ... ഈ സ്വാതന്ത്ര്യം..
ഗാന്ധിജിയും ഭഗത്സിങ്ങും,
നെഹ്റുവും അങ്ങനെയങ്ങനെ
പേരറിയാത്തതും അറിയാവുന്നവരുമായ
പോരാളികൾ നേടിതന്ന ഈ സ്വാതന്ത്ര്യം..
ഝാൻസിറാണിയും പട്ടേലും
തിലകനും അങ്ങനെയങ്ങനെ
പേറിയാത്തതും അറിയാവുന്നവരുമായ
പോരാളികൾ നേടിതന്ന ഈ സ്വാതന്ത്ര്യം...



Rugma K vinod
D3 Chemistry

മണിവീണ മീട്ടി പാട്ടുപാടും നേരം
മലർവാടി പോലുള്ള ചുണ്ടിൽ നിന്ന്
ഇറ്റു വീഴുന്നു 'സ്വാതന്ത്ര്യം'
പലർ പലർ പാടി നാം അത്
ഏറ്റുപാടി, നാമിപ്പോൾ
സ്വാതന്ത്ര്യത്തിൻ പൊൻതൂവലിൽ
പാറിപാറിപറക്കുന്നു.
അമൃതം ആയിരുന്നു സ്വാതന്ത്യം
അതിൻ സ്വാദ് നുകരാൻ പലർ
പലർ അറ്റു വീണു..
ജീവൻ പൊലിയും നേരം
വിറച്ചു വിറച്ചു ആ ചുണ്ടുകൾ
പാടി നുകരും ഞങ്ങളാ അമൃതം
"ഭൂമി തൻ സ്വർഗം 'കാശ്മീരിൻ
ഉത്തംഗശൃംഗങ്ങൾ തുടങ്ങി
ദക്ഷിണോത്തരദിക്കുകളിലെ കന്യാകുമാരി വരെ'
നിവർത്തും ഞങ്ങളുടെ കൊടി...
ആ ധീരഗായകൻമാർ രക്തം പൊടിയുമ്പോൾ
ഏറ്റുപാടി ഈ പല്ലവി
ഇന്ന് സ്വാതന്ത്യത്തിൻ മണിമകുടത്തിൽ ഇരുന്ന്
അമൃതം നുകരുമ്പോൾ സ്മരിക്കാം
ഭാരതം വാർക്കാൻ ഉയിര് വെടിഞ്ഞവരെ...



Parvathy V.A
D3 Chemistry

സ്വാതന്ത്ര്യമാം മധുരം
നുകരുന്നോരീ വേളയിൽ
നാം ഓർക്കണം നമുക്കായ്
ജീവൻ പൊലിയിച്ച മഹാരഥന്മാരെ

ഭാരതമെന്നീ നാടിന്റെ
പൈതൃകത്തെ
ഉയർത്തിയ പോരാളികൾക്ക്
കണ്ണീരിൽ കുതിർന്ന വന്ദനം



Devika S
D3 Chemistry

ഇന്ത്യയുടെ ഈ പുതുപിറവിയിൽ
നാടെങ്ങും ആഘോഷങ്ങൾ ഉയരുന്നു
ആത്മാവിൻ ആഴങ്ങളിൽ നിന്ന്
ഉയരുന്നു വന്ദേ മാതരം....



Aswin Sajan
D3 Chemistry

ഇരുൾ അണിഞ്ഞ രാത്രി മാഞ്ഞു
സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി ആഗതമായി
ജയിൽ അഴികളിൽ കഴിഞ്ഞ നാളുകൾ നീ മറക്കുക.
അടിമത്വത്തിന്റെ ചങ്ങല പൊട്ടിച്ചെറിയുക

നീ അണിഞ്ഞ കണ്ണീർ മായ്ക്കുക
പ്രത്യാശയുടെ നാളുകൾ വന്നിരിക്കുന്നു.
ആരെയും ഭയക്കാതെ
നീ നടക്കുക.



Sabarinath K.V
D2 Chemistry

എന്റെ സ്വാതന്ത്ര്യം തന്നെ എന്റെ അവകാശം !
എന്റെ ജാതി തന്നെ മനുഷത്വം !
എന്റെ ജീവിതം തന്നെ മരണം !
മനുഷ്യൻ, മനുഷ്യനെ തന്നെ ഭരിച്ചാൽ.

ആരും കാണാ ദൂരത്തു തന്നെ മറഞ്ഞ മഹാന്മാർ
അവരുടെ ചിത്രങ്ങളാൽ തന്നെ നമ്മെ ബന്ധിച്ചു
ഈ ജീവിതം തന്നെ പണത്തിനുള്ള  ഒരു ഓട്ടം
ഈ ജീവിതത്തിൽ തന്നെ പണം നമ്മുടെ പ്രഭു.

ആയിരം കരങ്ങളാൽ തന്നെ സ്വീകരിക്കും ധനത്തെ.
ആയിരം പദങ്ങളാൽ തന്നെ ഞെരുക്കും തന്നെ
ജീവിതത്തിൽ നമുക്ക് തന്ന ഈ സ്വാതന്ത്ര്യം
വർഷങ്ങൾക്ക് മുന്ന്
ജീവിതം ഹോമിച്ച് പലരും തന്നതാണ്
മറക്കരുതേ.



Alfana Nazer
D2 Chemistry

കഠിന സമര പോരാട്ടങ്ങൾക്കൊടുവിൽ
സ്വാതന്ത്ര്യത്തിൻ മധുരം അറിഞ്ഞനാൾ
ജാതി മത വിവേജചനമില്ലാതെ
ഒന്നിച്ച് പോരാടി മാനവർ

ഇന്നെൻ നാടിൻ സ്വാതന്ത്ര്യ തിളക്കത്തിൽ
പടവെട്ടി ഒഴുക്കിയ രക്തത്തിൻ സുഗന്ധം
ഇന്നെൻ നാടിന്റെ സ്വാതന്ത്ര്യം
ഒത്തൊരുമതൻ കരങ്ങളാൽ ഒരുക്കിയ സുഹൃദം

ആരുടെയും അടിമകളാവാതെ
ഞാൻ എന്ന വ്യക്തിത്വം തിരി കൊളുത്തിയ നാൾ
ഞാൻ തിരിച്ചറിഞ്ഞു. എന്റെ നാടിൻ
സ്വാതന്ത്ര്യം, അത് എന്റെയും സ്വാതന്ത്ര്യം.



Jesvin P Boaban
D3 Chemistry

“ഇരുൾ മൂടിയ രാത്രികൾക്ക് വിരാമമായി
ഉദിച്ചുയർന്നു സ്വാതന്ത്ര്യസൂര്യൻ ഭാരത-
മണ്ണിൽ തീക്ഷ്ണമായ പീഠനങ്ങൾക്ക്
അടിപതറാതെ ഭാരതമക്കൾ തിരിച്ചെടുത്ത-
താണ് ഈ ഭാരതമണ്ണ്.
മറക്കാതെ പിന്തുടർന്നീടണം”



Suryalakshmi P.S
D3 Chemistry

ഗാന്ധിജി എന്ന മഹാത്മാവ് നേടി തന്നൊരു സ്വാതന്ത്ര്യം
ബ്രിട്ടീഷ്കാർക്കെതിരെ പോരാടി തന്നൊരു സ്വാതന്ത്ര്യം
അഹിംസയാണ് ഗാന്ധിജിയുടെ മാർഗം



Rishikesh P Nair
D2 Chemistry

പെറ്റമ്മയെക്കാൾ നീ കാട്ടിയ സ്നേഹം
ഒരിക്കലും മറക്കുകയില്ല ഞാൻ അമ്മയെ
ഞാൻ അതു മറന്നാൽ നീ സഹിച്ച ത്യാഗം
വെറും പാഴായിടും
നിന്റെ മാറിൽ കിടന്ന് മരണം കണ്ട
എന്റെ സ്നേഹിതരെ
നിന്റെ നെഞ്ചിലൂടെ ഒഴുകിയ ചോരയ്ക്കു
ഞാൻ ഒരു കണ്ണീർ തുള്ളിയുടെ വില
തരാത്ത മട്ടാകും
മാതാവേ നിന്റെ സ്നേഹവും
സഹനവും കണ്ട് വളരുന്ന ഞങ്ങൾക്ക്
നിന്റെ വേദന മറക്കാൻ ആകുകയില്ല
നിനക്ക് നിന്റെ മക്കൾ തന്ന സ്വാതന്ത്ര്യം
നിന്റെ മക്കൾ തന്നെ നിഷേധിക്കപ്പെട്ടില്ലയോ
നീ കണ്ട യുദ്ധത്തിന് എണ്ണം ഇല്ല
നീ കണ്ട മരണത്തിനും എണ്ണം ഇല്ല
നിന്റെ മക്കൾ നിന്നെ ഇഞ്ചിഞ്ചായ്
വധിക്കുമ്പോഴും
നീ നൽകുന്ന ആറടി മണ്ണ്
തന്നെ ശരണം.



# DEPARTMENT OF CHEMISTRY


KURIAKOSE GREGORIOS COLLEGE, PAMPADY, KOTTAYAM,

KERALA PIN - 686502